ഉത്തരം

(എ) 17-6-2014 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ. 1984/2014/ആ.ക.വ. പ്രകാരമാണ് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയത്.-

(ബി&സി) ഭരണാനുമതി നൽകിയശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുകയും, തുടർന്ന് പ്രസ്തുത പ്രവർത്തിക്ക് 13-2-2015-ലെ D1/TN/37/14-15 പ്രകാരം ഓൺലൈൻ മുഖേന ടെണ്ടർ ക്ഷണിച്ചിട്ടുള്ളതും 10-3-2015-ൽ ടെണ്ടർ തുറക്കുന്നതുമാണ്. തുടർനടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് പണി ഉടൻ ഏറ്റെടുക്കുന്നതാണ്.

മുട്ടങ്ങൽ- നാദാപുരം- പത്രംതളം റോഡ് വികസനം

333 (1377) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുട്ടങ്ങൽ-നാദാപുരം-പത്രം തളം റോഡ് സംസ്ഥാന പാത നിലവാരത്തിലേക്ക് ഉയർത്തുമോയെന്ന അറിയിക്കുമോ ;

(ബി) എങ്കിൽ ഇതിൻപ്രകാരം നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) റോഡുകൾ സംസ്ഥാന പാത നിലവാരത്തിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല

പൊതുമരാമത്ത് റോഡ് പുറമ്പോക്കുകളിൽ വരുമാനദായക പ്രോജക്ടുകൾ

334 (1378) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് റോഡ് പുറമ്പോക്കുകളിൽ വരുമാനദായക പ്രോജക്ടുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) കോഴിക്കോട് ജില്ലയിൽ സംസ്ഥാന നാഷണൽ ഹൈവേകളിൽ കണ്ടെത്തിയ സ്ഥലം ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എസ്.ടി.പി. ഏറ്റെടുത്തിട്ടുള്ള റോഡുകളുടെ പുറമ്പോക്കിലുള്ള സ്ഥലം വരുമാനദായകമാക്കുന്നതിന് പി.പി.പി. മോഡലിൽ ഒരു പദ്ധതി പരിഗണനയിലാണ്.

(ബി) ദേശീയപാതാ വികസനം പൂർത്തിയായിട്ടില്ലാത്തതിനാൽ ദേശീയ പാതകളിൽ ഇത്തരം സ്ഥലം കണ്ടെത്തിയിട്ടില്ല.

ദേശീയപാതകളിലെ ടോൾ പിരിവ്

335 (1379) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതയിലെ പാലങ്ങളിൽ നിർമ്മാണത്തിന് ചെലവായ സംഖ്യയെക്കാളും തുക ടോൾ ഇനത്തിൽ ലഭിച്ചിട്ടും ചില പാലങ്ങളിൽ ടോൾ പിരിവ് തുടരുന്നുവെന്ന വസ്തുത ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ദേശീയപാതകളിലെ ടോൾ പിരിവ് കേന്ദ്ര സർക്കാരിന്റെ നിയമമനുസരിച്ചാണോ നടക്കുന്നത് ;

(സി) നിർമ്മാണ ചെലവിനെക്കാളും തുക ലഭിച്ച പാലങ്ങളുടെ ടോൾ പിരിവ് അവസാനിപ്പിക്കുന്നതിന് കേന്ദ്ര ഉപരിതലഗതാഗത വകുപ്പിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ദേശീയപാതയിലെ പാലങ്ങളിൽ ടോൾ പിരിക്കുന്നത് കേന്ദ്ര ടോൾ നിയമമനുസരിച്ചാണ്. ഇതനുസരിച്ച് ചെലവായ മുഴുവൻ തുകയും പിരിഞ്ഞു കിട്ടിക്കഴിഞ്ഞാൽ ടോൾ ഫീയുടെ 40% ഇളവു വരുത്തി പിരിവ് നിരന്തരം തുടരേണ്ടതാണ്.

(സി) ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ചാലക്കുടിയിലെ അണ്ടർ പാസേജിന്റെ അപ്രോച്ച് റോഡിന്റെയും ഡ്രെയിനേജിന്റെയും നിർമ്മാണം

336 (1380) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിൽ റെയിൽവേ നിർമ്മാണം പൂർത്തിയാക്കിയ അണ്ടർ പാസേജിന്റെ അപ്രോച്ച് റോഡിന്റേയും ഡ്രെയിനേജിന്റേയും നിർമ്മാണം ഇനിയും ആരംഭിക്കാത്തതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly